"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ്-ഹോമിയോപ്പതി വിഭാഗം-വാർഷിക പദ്ധതി 2024-25—ഹോമിയോപ്പതി വകുപ്പിന്റെ ആധുനിക വൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും സംസ്ഥാന പദ്ധതി-ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2024/AYUSH തീയതി,തിരുവനന്തപുരം, 06-10-2024

---

പരാമർശം:-

1. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 24.06.2024-ലെ 1059/പി1/2024/ഡി.എച്ച്.ടി.വി.എം നമ്പർ പ്രൊപ്പോസൽ.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/08/2024-ൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ

**<u>ഉത്തരവ്</u>**

ഹോമിയോപ്പതി വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ റവന്യൂ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23/08/2024 തീയതിയിൽ ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) 2024-25 സാമ്പത്തിക വർഷത്തിൽ 2210-02-102-75 (പ്ലാൻ) റവന്യൂ ശീർഷകത്തിൽ "ഹോമിയോപ്പതി വകുപ്പിന്റെ ആധുനിക വൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും" എന്ന പദ്ധതി പ്രകാരം ഹോമിയോപ്പതി വകുപ്പിന് അനുവദിച്ചിട്ടുള്ള **689.00 ലക്ഷം രൂപയിൽ 575.96785 ലക്ഷം (അഞ്ഞൂറ്റി എഴുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം)** രൂപയ്ക്ക് പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവ്യവസ്ഥകൾക്കും ചില ഉപഘടകങ്ങൾക്കുള്ള പ്രത്യേക നിബന്ധനകൾക്കും വിധേയമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>2210-02-102-75</u> **<u>"ഹോമിയോപ്പതി വകുപ്പിന്റെ ആധുനിക വൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും (സംസ്ഥാന പദ്ധതി)"</u>**

| | | | | |
|---|---|---|---|---|
| **ശീർഷകം - 2210-02-102-75 (പ്ലാൻ)** | | | | **689.00 ലക്ഷം** |
| I) 2210-02-102-75-17-MW | | | | |
| | **ഹോമിയോപ്പതി വകുപ്പിന്റെ ആധുനിക വൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും** | | | |
| | 1. | ജില്ലയിലെ ഡിസ്പെൻസറികളെ മോഡൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികളായി ഉയർത്തുന്നതിനും നിലവിലുള്ള മോഡൽ ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സർക്കാർ മോഡൽ ഹോമിയോ ഡിസ്പെൻസറികളെ /ആശുപത്രികളെ NABH നിലവാരത്തിലേക്ക് ഉയർത്തുന്നതിനും. | 52.00 ലക്ഷം | |
| | | ഹോമിയോപ്പതി വകുപ്പിലെ | | |

| | | | | |
|---|---|---|---|---|
| | 2. | ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയുടെ അറ്റകുറ്റപണികൾക്ക് (പ്ലംബിങ്/ഇലക്ട്രിക്കൽ മുതലായവ) ഉൾപ്പെടെ | 82.26234ലക്ഷം | |
| **ആകെ** | | | | **134.26234 ലക്ഷം** |
| **II)ശീർഷകം** - 2210-02-102-75-24 M&S - | | | | |
| 1. | ഹോമിയോപ്പതി വകുപ്പിലെ ആശുപത്രികളിലുള്ള ലാബുകളിൽ ഉപയോഗിക്കുന്ന റീ-ഏജന്റ്സ് വാങ്ങുന്നതിനും ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ (AMC) യ്ക്കും ലാബിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ,പ്രിൻറർ എന്നിവ വാങ്ങുന്നതിനും. | | 48.8ലക്ഷം | |
| 2. | മെഡിക്കൽ സ്റ്റോറുകളിലേക്ക് മരുന്ന്, ഫർണിച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനും AMC പുതുക്കുന്നതിനും. | | 114.44419ലക്ഷം | |
| **ആകെ** | | | | **163.24419 ലക്ഷം** |
| **III) ശീർഷകം**-2210-02-102-75-34 – (OC) 3 (OI) | | | | |
| 1. | സംസ്ഥാന ഹോമിയോപ്പതി അവാർഡ്, ഹോമിയോപ്പതി ശാസ്ത്രമാസിക പ്രസിദ്ധീകരണം തുടങ്ങിയവ | | 10.00ലക്ഷം | |
| 2 | എല്ലാ ഹോമിയോ ആശുപത്രികളിലും പ്രാഥമിക ചികിത്സയ്ക്കായുള്ള മരുന്നും ഉപകരണങ്ങളും സജ്ജീകരിക്കുന്നതിന്. | | 7.8ലക്ഷം | |
| 3 | HEART (Homoeopathy evidence based advanced Research and Training പ്രവർത്തനങ്ങൾക്ക് | | 10.00ലക്ഷം | |
| 4 | ഹോമിയോപ്പതി സ്ഥാപനങ്ങളിലെ ബയോ - മെഡിക്കൽ വേസ്റ്റ്മാനേജ്മെന്റ് / മാലിന്യ നിർമ്മാർജ്ജനം/ഗ്രീൻപ്രൊട്ടോക്കോൾ പ്രവർത്തനങ്ങൾ,ഹോമിയോപ്പതി ഔഷധ തോട്ടം | | 18.94287 ലക്ഷം | |
| 5 | ഹോമിയോ ഡിസ്പെൻസറികളിലേയ്ക്കും ആശുപത്രികളിലേയ്ക്കും ഫയർ എക്സ്റ്റിംഗിഷർ സ്ഥാപിക്കുന്നതിന്. | | 9.6 ലക്ഷം | |
| 6 | ഇൻസ്റ്റിറ്റ്യൂഷനൽ എത്തിക്കൽ കമ്മിറ്റി (IEC) & സയന്റിഫിക് അഡ്വൈസറി ബോർഡ് (SAB) – ട്രെയിനിംഗ്, മീറ്റിംഗ് മറ്റ് പ്രവർത്തനങ്ങളും | | 10.00 ലക്ഷം | |
| | മെഡിക്കൽ സ്റ്റോറുകൾ ശക്തിപ്പെടുത്തൽ | | | |
| | സ്റ്റോർ കീപ്പർ വേതനം (@ 22,290x12x13) | | 34.77 ലക്ഷം | |
| | സ്റ്റോർ അസിസ്റ്റന്റ് വേതനം (@ 18,390x12x13) | | 28.7 ലക്ഷം | |
| | ടെലഫോൺ, ഇന്റർനെറ്റ്, സ്റ്റേഷനറി, മൊബിലിറ്റി & മറ്റ് ചെലവുകൾ | | 8.8 ലക്ഷം | |
| **ആകെ** | | | | **233.61287 ലക്ഷം** |
| **IV) ശീർഷകം** - 2210-02-102-75-97 -Hire charges of Motor Vehicles | | | | |
| 1. | മൊബിലിറ്റി സപ്പോർട്ട് - ഹോമിയോപ്പതി വകുപ്പിന്റെ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് | | 57.35392 ലക്ഷം | |
| | **ആകെ** | | | **57.35392 ലക്ഷം** |
| **V) ശീർഷകം**- 2210-02-102-75-99 IT | | | | |

| | | | |
|---|---|---|---|
| 1. | AHIMS 2.0 (2nd version) അപ്ഗ്രേഡ് ചെയ്യുന്നതിന് | 43.00 ലക്ഷം | |
| 2. | ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും (മാനവ വിഭവശേഷി, ഉപകരണങ്ങൾ, UPS, LAN etc.), E-Hospital, E-Office, പരിശീലനം റ്റി എ, ഡി എ എന്നിവയ്ക്കും ഹോമിയോപ്പതി സ്ഥാപനങ്ങളിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻസ്, കമ്പ്യൂട്ടർ ഫർണിച്ചർ, കൺസ്യൂമബിൾസ്, പെരിഫറൽസ് ആന്റ് സ്റ്റേഷനറീസ് വാങ്ങുന്നതിനും കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും AMC പുതുക്കുന്നതിനും. | 39.49453ലക്ഷം | |
| | **ആകെ** | | 82.49453 ലക്ഷം |
| | **ആകെ പദ്ധതി തുക** | | **575.96785 ലക്ഷം** |

3. എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ /ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ/പ്ലാനിംഗ്-ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Namitha T
സെക്ഷൻ ഓഫീസർ
Date: 07-10-2024 10:16:42

പകർപ്പ് :ബഹു.ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.
ആയുഷ് വകുപ്പ് ജോയിൻ്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.
ആയുഷ് (ബി3) വകുപ്പ്.